# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഡിസംബർ 3, തിങ്കൾ

**നമ്പർ 143**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

[സമ്മേളനാരംഭത്തിൽ, ശബരിമലയിലെ നിരോധനാജ്ഞ പിൻവലിക്കുക, അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങളോടുള്ള സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. പാറക്കൽ അബ്ദുള്ള, ഡോ. എൻ. ജയരാജ് എന്നിവർ നിയമസഭാ കവാടത്തിൽ അനിശ്ചിതകാല സത്യാഗ്രഹസമരം ആരംഭിക്കുന്നതായി പ്രതിപക്ഷനേതാവ് സഭയെ അറിയിച്ചു. തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നടുത്തളത്തിലിറങ്ങുകയും മുദ്രാവാക്യം മുഴക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.]

<u>ചോദ്യങ്ങൾ:</u>

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ഒരെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്പീക്കർ ചോദ്യോത്തരവേളയുടെ ശേഷിച്ച ഭാഗം സസ്പെൻഡ് ചെയ്യുകയും അടുത്ത നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.]

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

1. കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഒരു തീരദേശ പാക്കേജ് നടപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.ജോൺ ഫെർണാണ്ടസ് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിന് ഒരു നോട്ടീസ് നൽകിയിരുന്നു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന മേശപ്പുറത്ത് വച്ചു.

2. സംസ്ഥാനത്ത് പേമാരിയിലും വെള്ളപ്പൊക്കത്തിലും തകർന്ന പഞ്ചായത്ത് റോഡുകളും പാലങ്ങളും പുനർനിർമ്മിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി ഇ. എസ്. ബിജിമോൾ തദ്ദേശസ്വയംഭരണ മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിന് ഒരു നോട്ടീസ് നൽകിയിരുന്നു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന മേശപ്പുറത്ത് വച്ചു.

KNPP.1675/2018(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ നൽകിയ താഴെപ്പറയുന്ന നോട്ടീസുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവനകൾ മേശപ്പുറത്തുവച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. സി. ജോസഫ് | സെക്രട്ടേറിയറ്റിലും പൊതുവേദികളിലും മാധ്യമങ്ങൾക്കുള്ള നിയന്ത്രണം | മുഖ്യമന്ത്രി |
| 2 | ശ്രീ. ഒ. രാജഗോപാൽ | കെ. സുരേന്ദ്രന് എതിരെയുള്ള കേസുകൾ | മുഖ്യമന്ത്രി |
| 3 | ശ്രീ. എം. ഉമ്മർ | മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീമതി സി. കെ. ആശ | വൈക്കം പ്രദേശത്ത് മൂവാറ്റുപുഴയുടെ തീരത്ത് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. മോൻസ് ജോസഫ് | റബ്ബർ വിലസ്ഥിരതാ ഫണ്ടിൽ നിന്ന് കുടിശ്ശിക വിതരണം | കൃഷി വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ആൻസലൻ | ആയയിൽ - മുള്ളറവിള, കന്നിപ്പുറം - നെയ്യാറ്റിൻകര പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ടി. ബൽറാം | സുശീലപ്പടി റെയിൽവേ ഓവർ ബ്രിഡ്ജ്, കരിയന്നൂർ പാലം എന്നിവയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളിയിലെ ടൂറിസം വികസനം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. എൻ. എ. ഖാദർ | വേങ്ങര വലിയോറ ഗവ. യു. പി. സ്കൂളിലെ ഓട്ടിസം സെന്ററിന്റെ പ്രവർത്തനം | പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി |

<u>നിയമനിർമ്മാണ കാര്യം:</u>

1. വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി ശ്രീ. ഇ. പി. ജയരാജൻ 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം ചർച്ച കൂടാതെ സഭ പാസ്സാക്കുകയും ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2. ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ ചർച്ച കൂടാതെ പാസ്സാക്കുകയും ബിൽ കൃഷിയും, മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2018 ഡിസംബർ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.21-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN—PART I

( Brief Record of Proceedings )

*Monday, December 3, 2018*

**No. 143**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

[At the commencement of the sitting, the Leader of Opposition informed that Shri V. S. Sivakumar, Shri Parakkal Addulla and Dr. N. Jayaraj would stage an indefinite Sathyagraha in the foyer of the Assembly Hall in protest against the negative attitude of the Government towards the demands for withdrawal of prohibitory order at Sabarimala and to improve the basic amenities there. Then the Members belonging to the opposition trooped in to the well of the House shouting slogans and tried to disrupt the proceedings.]

*Questions:*

One question in the list of questions posted for the day was answered orally.

[As it was difficult to carry on the business of the House in an orderly manner, The Speaker suspended rest of the Question Hour, and moved into the next business.]

*Calling Attention* :

(1) Shri John Fernandez had given a notice to call the attention of the Minister for Fisheries, Harbour Engineering and Cashew Industry to the necessity to implement a package to coastal region of the State, in the light of Climate change. The Minister laid on the table a statement thereto.

(2) Smt. E. S. Bijimol had given a notice to call the attention of the Minister for Local Self Government to the necessity to rebuild Panchayat roads and bridges in the State which were devastated by heavy rain and flood. The Minister laid on the table a statement thereto.

KNPP.1675/2018(ii).

*Matters under Rule 304* :

The Ministers concerned laid on the table statements on the following notices given by Members under Rule 304 :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. സി. ജോസഫ് | സെക്രട്ടേറിയറ്റിലും പൊതുവേദികളിലും മാധ്യമങ്ങൾക്കുള്ള നിയന്ത്രണം | മുഖ്യമന്ത്രി |
| 2 | ശ്രീ. ഒ. രാജഗോപാൽ | കെ. സുരേന്ദ്രന് എതിരെയുള്ള കേസുകൾ | മുഖ്യമന്ത്രി |
| 3 | ശ്രീ. എം. ഉമ്മർ | മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീമതി സി. കെ. ആശ | വൈക്കം പ്രദേശത്ത് മൂവാറ്റുപുഴയുടെ തീരത്ത് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. മോൻസ് ജോസഫ് | റബ്ബർ വിലസ്ഥിരതാ ഫണ്ടിൽ നിന്ന് കുടിശ്ശിക വിതരണം | കൃഷി വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ആൻസലൻ | ആയയിൽ - മുള്ളറവിള, കുന്നിപ്പുറം - നെയ്യാറ്റിൻകര പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ടി. ബൽറാം | സുശീലപ്പടി റെയിൽവേ ഓവർ ബ്രിഡ്ജ്, കരിയന്നൂർ പാലം എന്നിവയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളിയിലെ ടൂറിസം വികസനം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. എൻ. എ ഖാദർ | വേങ്ങര വലിയോറ ഗവ. യു. പി. സ്കൂളിലെ ഓട്ടിസം സെന്ററിന്റെ പ്രവർത്തനം | പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി |

*Legislative Business* :

1. Shri E. P. Jayarajan, Minister for Industries Sports and Youth Affairs introduced the Kerala Sports(Amendment) Bill 2018. The Minister also laid on the table the statement under Rule 75(1). The Minister then moved that the Bill be referred to Subject Committee VI. Ordinance disapproval motions and amendments were not moved. The motion was passed without discussion and the Bill was referred to Subject Committee VI-Education

2. Smt. J. Mercykutty Amma, Minister for Fisheries, Harbour Engineering and Cashew Industry introduced The Kerala Fishermen Debt Relief Commission (Amendment) Bill 2018. The Minister also laid on the table the statement under Rule 75(1). The Minister then moved that the Bill be referred to Subject Committee I. Ordinance disapproval motions and amendments were not moved. The motion was passed without discussion and the Bill was referred to Subject Committee I—Agriculture, Animal Husbandry and Fisheries.

The House adjourned at 9.21 a.m. to meet again at 9.00 a.m. Tuesday, December 4, 2018.

V. K. BABU PRAKASH,
Secretary.